## പി.എ മുഹമ്മദ്



**മൊറയൂരിലെ** ആദ്യകാല ഇസ്‌ലാമിക പ്രവർത്തകരിലൊരാളായിരുന്നു പി.എ മുഹമ്മദ്(72). തൊള്ളായിരത്തി അമ്പതുകളുടെ തുടക്കത്തിൽ കൊണ്ടോട്ടിയിലേക്ക് ബീഡിതെറുക്കാൻ പോകുന്ന കാലത്താണ് ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്. മൊറയൂരിൽ ഹംദർദ് ഹൽഖ രൂപീകരിച്ചപ്പോൾ അതിന്റെ ഖജാഞ്ചിയായിരുന്നു. മൊറയൂർ ഹൈസ്കൂൾ പരിസരത്ത് ഇദ്ദേഹം നടത്തിവന്ന സ്റ്റേഷനറിക്കട കേന്ദ്രീകരിച്ചാണ് അക്കാലത്ത് വിദ്യാർഥികൾക്കിടയിൽ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഇടക്കാലത്ത് അദ്ദേഹം സജീവമായി പ്രവർത്തന രംഗത്തുണ്ടായിരുന്നില്ലെങ്കിലും പ്രസ്ഥാനത്തോടുള്ള സ്നേഹം കാത്ത് സൂക്ഷിച്ചു.

**കെ. കോമുമാസ്റ്റർ മൊറയൂർ**

## സി. അസനാർ



**ആലത്തൂർ** പ്രാദേശിക ജമാഅത്ത് അംഗം സി. അസനാർ സാഹിബ് അല്ലാഹുവിലേക്ക് യാത്രയായി. *മാധ്യമം* പത്രം തുടങ്ങിയ നാൾ മുതൽ ആലത്തൂർ ഏജന്റായിരുന്നു. *പ്രബോധനം, ആരാമം, മലർവാടി, ബോധനം* എന്നിവയുടെയും ഏജൻസി ഉണ്ടായിരുന്നു. ആലത്തൂർ ഇശാഅത്തുൽ ഇസ്‌ലാം ട്രസ്റ്റ് അംഗമായിരുന്നു. ഭാര്യയും മക്കളും പ്രസ്ഥാന അനുഭാവികളാണ്. 6 ആൺകുട്ടികളും 2 പെൺകുട്ടികളുമുണ്ട്.

**പി.എ അബ്ദുർറസാഖ് മാസ്റ്റർ ആലത്തൂർ**

## കെ.കെ കുഞ്ഞുമൊയ്തു ഹാജി



**കരിങ്ങനാട്** പ്രാദേശിക ജമാഅത്ത് അംഗമായിരുന്നു കെ.കെ കുഞ്ഞുമൊയ്തുഹാജി. മംഗലാപുരത്ത് മരക്കച്ചവടം നടത്തിക്കൊണ്ടിരുന്ന കാലത്താണ് പ്രസ്ഥാനവുമായി ബന്ധപ്പെട്ടത്. കുടുംബത്തെ പ്രസ്ഥാനത്തോടൊപ്പം നടത്താൻ അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നു. മുസ്‌ലിം ധർമപരിപാലന സംഘം, കരിങ്ങനാട് മസ്ജിദുൽ ഹുദ, പലിശരഹിത നിധി, സകാത്ത് കമ്മിറ്റി, ഇസ്‌ലാമിക് ഓറിയന്റൽ ഹൈസ്കൂൾ എന്നിവ സ്ഥാപിക്കുന്നതിൽ നേതൃപരമായ പങ്ക് വഹിച്ചു. ഹിമായത്തുൽ ഇസ്‌ലാം ചാരിറ്റബ്ൾ ട്രസ്റ്റ് സെക്രട്ടറി, ജംഇയ്യത്തു സലഫിയ്യ സ്ഥാപകാംഗം, പ്രാദേശിക ജമാഅത്ത് അമീർ, ഹൽഖാ സെക്രട്ടറി തുടങ്ങി നിരവധി ഉത്തരവാദിത്തങ്ങൾ വഹിച്ചിരുന്നു.

**കെ.പി ഉമ്മർ**



## അമ്പലക്കുത്ത് ഫാത്വിമ

**ശാന്തപുരത്ത്** ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആരംഭം തൊട്ടു തന്നെ സജീവമായി പ്രവർത്തന രംഗത്തുണ്ടായിരുന്ന ഫാത്തിമ( കുഞ്ഞിമ്മു-85) അല്ലാഹുവിങ്കലേക്ക് യാത്രയായി.

ശാന്തപുരം ഇസ്‌ലാമിയാ കോളേജിലെ മുതിർന്ന വിദ്യാർഥികൾ മഗ്‌രിബാനന്തരം നടത്തിയിരുന്ന പ്രതിവാര ഖുർആൻപഠന സദസിൽ അവർ സ്ഥിരമായി പങ്കെടുത്തിരുന്നു. അക്കാലത്ത് വായന അറിഞ്ഞിരുന്ന ചുരുക്കം സ്ത്രീകളിൽ ഒരാളായിരുന്നു. *പ്രബോധനം* പ്രതിപക്ഷപത്രം, *സന്മാർഗം* എന്നിവയൊക്കെ വായിക്കൽ ശീലമാക്കുകയും മറ്റു സ്ത്രീകളെക്കൂടി വീട്ടിൽ ഒരുമിച്ചു കൂട്ടി വായിച്ചു കേൾപ്പിക്കുകയും ചെയ്തിരുന്നു. പത്ത് വർഷത്തിലധികം കിഴക്കെ പള്ളിക്കുത്ത് നാസിമത്ത് ആയി പ്രവർത്തിച്ചു. ജമാഅത്തെ ഇസ്‌ലാമിയുടെ ഹിറാസമ്മേളനം വരെയുള്ള മുഴുവൻ സമ്മേളനങ്ങളിലും ആദ്യന്തം സംബന്ധിച്ചിട്ടുണ്ട്.

**ഖാലിദ് മാസ്റ്റർ ശാന്തപുരം**

## മുഹമ്മദ് അനീസ്



**തളിപ്പറമ്പിലെ** ഇസ്‌ലാമിക പ്രവർത്തകരെ ഏറെ വേദനിപ്പിച്ച സംഭവമാണ് എസ്.ഐ.ഒ യൂനിറ്റ് സെക്രട്ടറി മുഹമ്മദ് അനീസി(20)ന്റെ വിയോഗം. യുവാക്കൾ ഉന്മാദലഹരിയിൽ ഓടിച്ച വാനിടിച്ച് അനീസും സുഹൃത്ത് സുജിത്തും അപകടത്തിൽ പെടുകയും രണ്ട് ദിവസത്തെ തീവ്രപരിചരണത്തിനിടയിൽ അല്ലാഹുവിന്റെ വിധിക്ക് കീഴടങ്ങുകയുമായിരുന്നു.

*മലർവാടി* ചെങ്ങളായി യൂനിറ്റിന്റെ ക്യാപ്റ്റനായിരുന്ന അനീസ് സംഘാടന പാടവം തെളിയിച്ച പ്രവർത്തകനും ഏരിയാതല പ്രതിഭയുമായിരുന്നു. പ്രസ്ഥാന പ്രവർത്തനങ്ങളിൽ നിരതരായ മാതാപിതാക്കളുടെ തണലിൽ പിന്നീട് എസ്.ഐ.ഒയുടെ പ്രവർത്തനങ്ങളിൽ നിറസാന്നിധ്യമായി.

**കെ.പി ആദംകുട്ടി ചെങ്ങളായി**

## എം.കെ മുഹമ്മദ്



**ഹാജിസാഹിബിന്റെ** കാലത്തു തന്നെ പ്രസ്ഥാനത്തെ നെഞ്ചിലേറ്റിയ പ്രവർത്തകനായിരുന്ന വടുതലയിൽ അരനൂറ്റാണ്ടിലേറെ കാലം പ്രസ്ഥാനരംഗത്ത് സജീവമായിരുന്ന മാമു ആശാൻ എന്ന എം.കെ മുഹമ്മദ് സാഹിബ്(78). സദാ കൈയിൽ പുസ്തകങ്ങൾ കരുതുകയും പ്രബോധനബന്ധം സ്ഥാപിക്കാൻ കിട്ടുന്ന എല്ലാ അവസരങ്ങളും ഉപയോഗപ്പെടുത്തുകയും ചെയ്യുമായിരുന്നു. കാൽനടയായി ദൂരപ്രദേശമായ കുത്തിയതോട്, തുറവൂർ എന്നിവിടങ്ങളിൽ പോയി *പ്രബോധന*ത്തിന് വരിക്കാരെ ചേർത്തിരുന്നു. നാല് ആൺമക്കളും മൂന്ന് പെൺമക്കളുമുണ്ട്.

**എം.പി മുഹമ്മദ് കുട്ടി വടുതല**

*അല്ലാഹു പരേതരെ മർഹമത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*